3411
14/2/20

കേരള സർക്കാർ

No.PLGEA-BPE3/145/2019-PLGEA

ആസൂത്രണ സാമ്പത്തികകാര്യ
(ബി.പി.ഇ.) വകുപ്പ്
തിരുവനന്തപുരം, തീയതി : 25/11/2019

## പരിപത്രം

വിഷയം: ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് - പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പ്രവർത്തി പരിചയ യോഗ്യതയിൽ നിന്നൊഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. 05.07.1988-ലെ 23514/BPE/87/Plg നമ്പർ സർക്കുലർ
2. 14.02.2013-ലെ 1431/ബി.പി.ഇ.3/13/പ്ലാനിംഗ് നമ്പർ സർക്കാർ കത്ത്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ, തൊഴിൽ പരിചയം ഒരു യോഗ്യതയായി നിർണ്ണയിച്ചിട്ടുള്ള തസ്തികകളിലേക്ക് അപേക്ഷിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ നിശ്ചിത തൊഴിൽ പരിചയം നേടിയിട്ടില്ലാത്തവരാണെങ്കിലും, അവർ മറ്റ് തരത്തിൽ യോഗ്യരാണെങ്കിൽ തെരഞ്ഞെടുപ്പിന് പരിഗണിക്കണമെന്നും, നിശ്ചിത തൊഴിൽ പരിചയം അവർ തെരഞ്ഞെടുക്കപ്പെട്ട ശേഷം നേടിയാൽ മതി എന്നും സൂചന 1-ലെ സർക്കുലർ പ്രകാരം ഉത്തരവായിരുന്നു. ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഓരോ പൊതുമേഖലാ സ്ഥാപന മേധാവിയും അതാത് സ്ഥാപനത്തിന്റെ നിയമന ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ടി സർക്കുലറിലും സൂചനയിലെ കത്തിലും സർക്കാർ നിർദ്ദേശിച്ചിരുന്നു.

എന്നാൽ മിക്ക പൊതുമേഖലാ സ്ഥാപനങ്ങളും നിയമനചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടില്ലാത്തതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കേണ്ട നിയമനങ്ങൾ നഷ്ടപ്പെടുന്നതായി പരാതി ഉയർന്നിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സൂചനയിലെ സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കണമെന്നും അതാത് ഭരണ വകുപ്പുകളുടെ അനുമതിയോടുകൂടി നിലവിലെ നിയമന ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണെന്നും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും മേലധികാരികൾക്ക് സർക്കാർ കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യത്തിൽ അതാത് ഭരണ വകുപ്പുകൾ അടിയന്തിര നടപടി സ്വീകരിക്കണമെന്നും താല്പര്യപ്പെടുന്നു.

**ഡോ. എ. ജയതിലക് ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും /മാനേജിംഗ് ഡയറക്ടർമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ ഭരണ വകുപ്പുകൾക്കും.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**